## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1163** **20/01/2014-ൽ മറുപടിക്ക്**

### കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ, വിശദമാക്കുമോ;<br><br>(ബി പ്രസ്തുത പദ്ധതിയുടെ നടപ്പു വർഷത്തെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ), (ബി) & (സി)<br><br>സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ അസംബ്ലി നിയോജക മണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നിയോജകമണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ആശയ രൂപീകരണ ശില്പശാല നടത്തുകയും, തുടർ പ്രവർത്തനം എന്ന നിലയിൽ സ്കൂളുകളെ സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും, പൊതുവായ (ഭൗതികവും അക്കാദമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പ്രഥമാധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ) മനേജ്മെന്റ് പരിശീലനം നൽകുകയും, മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തു. മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ ഏജൻസികൾ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ തയ്യാറാക്കിവരുന്നതേയുള്ളൂ. മാർഗ്ഗരേഖ അനുസരിച്ചായിരിക്കും പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം അന്തിമമായി തീരുമാനിക്കുക. |

Sreedevi

**സെക്ഷൻ ഓഫീസർ**